ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നം.എസിഡി എസ്.പി.സി(1)/103261/18/എച്ച്.എസ്.ഇ തീയതി. 20/02/2018

## സർക്കുലർ

വിഷയം-ഹ.സെ.വി.- CHIAK ന്റെ ആം ആദ്മി ബീമാ യോജന സ്കോളർഷിപ്പ് അപേക്ഷ 2017-18 - സംബന്ധിച്ച്

സൂചന- Comprehensive Health Insurance Agency Kerala (CHIAK) എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.02.18 ലെ 2361/സി. എച്ച്.5/2017/ചിയാക് നമ്പർ കത്ത്.

Comprehensive Health Insurance Agency Kerala (CHIAK) നൽകി വരുന്ന ആം ആദ്മി ബീമാ യോജന (AABY) സ്കോളർഷിപ്പിന്റെ 2017-18 വർഷത്തേക്കുള്ള അപേക്ഷ 2018 ഫെബ്രുവരി 12 മുതൽ സ്വീകരിക്കുന്നതാണ്. ആയതിന്റെ വിശദാംശങ്ങൾ (ഉള്ളടക്കം ചെയ്യുന്നു). വിദ്യാർത്ഥികൾക്കായി സ്കൂളിലെ നോട്ടീസ് ബോർഡിൽ പതിപ്പിക്കുന്നതിനും വിദ്യാർത്ഥികളെ ബോധവത്ക്കരിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതിനും എല്ലാ പ്രിൻസിപ്പാൾമാർക്കും നിർദ്ദേശം നൽകുന്നു.

ഒപ്പ്

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)

ചിയാക്

ഒരു കേരള സർക്കാർ സ്ഥാപനം

## ആം ആദ്മി ബീമാ യോജന (AABY) 2017-18

### സ്കോളർഷിപ്പിനുള്ള മാർഗ്ഗ നിർദ്ദേശം

1. സ്കോളർഷിപ്പിന് ആർക്കാണ് അർഹതയുള്ളത്?

രജിസ്റ്റർ ചെയ്ത അപേക്ഷകൻെറ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന (ഐ.റ്റി.ഐ ഉൾപ്പെടെ) രണ്ടു കുട്ടികൾക്ക്.

2. കഴിഞ്ഞ വർഷം സ്കോളർഷിപ്പിന് അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതുണ്ടോ?

അതെ.ഓരോവർഷവും പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

3. അംഗങ്ങളുടെ 9 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുടുംബത്തിലെ അപേക്ഷകനല്ലാത്ത മറ്റംഗത്തിൻെറ കുട്ടികൾ സ്കോളർഷിപ്പിന് അർഹരാണോ?

അല്ല.

3. എവിടെ നിന്നാണ് സ്കോളർഷിപ്പിനുള്ള അപേക്ഷ ഫോറം ലഭ്യമാക്കുക?

03.02.2018 മുതൽ ചിയാകിൻെറ വെബ്സൈറ്റായ www.chiak.org നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ് അല്ലെങ്കിൽ എല്ലാ അക്ഷയ കേന്ദ്രങ്ങൾ വഴിയും ഫോറം ലഭ്യമാകുന്നതാണ്.

4. സ്കോളർഷിപ്പ് ഹോമിന് ഫീസ് നൽകേണ്ടതുണ്ടോ?

അക്ഷയയിൽ നിന്നാണെങ്കിൽ ഒരു ഫോമിന് 2/ രൂപ എന്ന നിരക്കിൽ നൽകേണ്ടതാണ്.

5. ഫോറം പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തൊക്കെ ആണ്.

അപേക്ഷകൻ പൂരിപ്പിക്കേണ്ട ഭാഗം പൂരിപ്പിച്ചതിനു ശേഷം, കുട്ടികൾ പഠിക്കുന്ന സ്കൂളിൽ നിന്നും അപേക്ഷാ ഫോറം പ്രധാന അധ്യാപകൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. അതിനു ശേഷം സാക്ഷ്യപ്പെടുത്തിയ അപേക്ഷ തിരികെ അക്ഷയ കേന്ദ്രത്തിൽ ഏൽപ്പിച്ച് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടതാണ്. അപേക്ഷിച്ചതിനുശേഷം രസീത് കൈപ്പറ്റി, അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ്, ആബി രജിസ്ട്രേഷൻ നമ്പർ എന്നിവ ശരിയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

6. ഒരു അപേക്ഷ ഫോമിൽ എത്ര കുട്ടികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാനാകും?

ഒരു ഫോമിൽ ഒരു കുട്ടിക്ക് മാത്രമേ അപേക്ഷ നൽകുവാൻ സാധിക്കുകയുള്ളു. രണ്ട് കുട്ടികൾ ഉണ്ടെങ്കിൽ രണ്ടു ഫോമുകൾ വാങ്ങി പ്രധാന അധ്യാപകൻ സാക്ഷ്യപ്പെടുത്തിയ ശേഷം ഒരുമിച്ച് അക്ഷയയിൽ ഏൽപ്പിക്കേണ്ടതാണ്.

7. എങ്ങിനെയാണ് ഓൺലൈൻ സ്കോളർഷിപ്പ് അപേക്ഷ സമർപ്പിക്കുക?

എല്ലാ അ്ക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം

8. ആബി സ്കോളർഷിപ്പ് അക്ഷയയിൽ നിന്നല്ലാതെ മറ്റേതെങ്കിലും സ്ഥാപനത്തിൽ നിന്നും അപേക്ഷിക്കാൻ സാധിക്കുമോ?

ഇല്ല.

9. സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് അക്ഷയയിൽ ഫീസ് അടയ്ക്കേണ്ടതുണ്ടോ?

ഡാറ്റ എൻട്രി ഫീസായ 15 രൂപ മാത്രം നൽകിയാൽ മതിയാകും.

10. അപേക്ഷ നൽകുമ്പോൾ കൊണ്ടു വരേണ്ട രേഖകൾ എന്തൊക്കെയാണ്?

എ) പ്രധാന അധ്യാപകൻ സാക്ഷ്യപ്പെടുത്തിയ അപേക്ഷ ഫോറം.

ബി) ആബി പോളിസി സർട്ടിഫിക്കറ്റ്

സി) ബാങ്ക് പാസ് ബുക്ക്

**ഡി) അപേക്ഷിക്കുന്ന കുട്ടികളുടെ ആധാർ കരുതേണ്ടതാണ്**

മുകളിൽ പറഞ്ഞ രേഖകളുടെ പകർപ്പ് അക്ഷയയിൽ സമർപ്പിക്കേണ്ടതില്ല, ആയതിനാൽ എല്ലാ രേഖകളുടെയും അസ്സൽ പരിശോധനയ്ക്ക് കൊണ്ടുവരേണ്ടതാണ്.

**11. അപേക്ഷാഫോറം അക്ഷയയിൽ സമർപ്പിക്കേണ്ടതുണ്ടോ?**

വേണ്ട, അപേക്ഷ ഫോറം അപേക്ഷകന്റെ കൈവശം തന്നെ സൂക്ഷിക്കാവുന്നതാണ്. എന്തെങ്കിലും കാരണവശാൽ ചിയാക് അവശ്യപ്പെടുന്ന പക്ഷം അപേക്ഷ ഫോറം നൽകേണ്ടതുണ്ട്.

12. സ്കോളർഷിപ്പ് തുക എവിടുന്നാണ് ലഭ്യമാകുക?

അപേക്ഷയിൽ വ്യകതമാക്കിയിട്ടുള്ള അക്കൗണ്ട് നമ്പറിലൂടെ നേരിട്ട് എൻ.ഇ.എഫ്.റ്റി(NEFT) വഴി ക്രഡിറ്റ് ചെയ്യുന്നതായിരിക്കും.

13. സ്കോളർഷിപ്പ് അപേക്ഷകൾ സ്വീകരിച്ചുതുടങ്ങുന്ന തീയതി എന്നാണ്?

**2018 ഫെബ്രുവരി 12**